روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

## മദ്രസാ വിദ്യാഭ്യാസം

03/06/2022

بسم الله الرحمن الرحيم

- പുതിയ അദ്ധ്യയന വർഷം ആരംഭിക്കുകയാണ്.
- അറിവ് നേടുക എന്നത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്.
- ഭൌതീക അറിവുകൾ മക്കൾക്ക് നൽകുന്നതിൽ രക്ഷിതാക്കൾ എല്ലാവരും ഇന്ന് ബോധവാന്മരാണ്.
- മലയാളവും ഇംഗ്ലീഷുമൊന്നും പഠിക്കാൻ പാടില്ലെന്ന് പറഞ്ഞിരുന്ന മുസ്ലിം പുരോഹിതന്മാർ ഉണ്ടായിരുന്നു.
- അതിനെല്ലാം മാറ്റം സംഭവിച്ചു എന്നത് സത്യമാണ്.
- ഇന്നത്തെ കാലത്ത് ഭൌതീക വിദ്യാഭ്യാസം മക്കളുടെ അവകശാമാണ്.
- രക്ഷിതാക്കൾ അത് നിഷേധിച്ചാൽ അവർക്കെതിരെ കേസെടുക്കാനും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാനും സർക്കാറുകൾ ശ്രമിക്കാറുണ്ട്.
- എന്നാൽ മതപരമായ അറിവുകൾ മക്കൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ?
- മദ്റസകളാണ് കേരളത്തിൽ കാണുന്ന മതബോധത്തിന്റെ നിദാനം.

### ❖ മതപഠനം എന്തിന്?

- നമ്മുടെ വിജയവും പരാജയവും തീരുമാനിക്കുന്നത് മതപരമായ അറിവുകളുടെ അടിസ്ഥാനത്തിലാണ്.

قال العلامة صالح الفوزان حفظه الله :فلا يجوز للإنسان أن يتساهل في حضور مجالس العلم، والسعي إليها، لأنه قد يستفيد فائدة تكون سببًا لدخوله الجنة

അല്ലാമാ സ്വാലിഹുൽ ഫൗസാൻ (حفظه الله) പറഞ്ഞു: അറിവിന്റെ സദസ്സുകളിൽ ഹാജരാകുന്നതിലും, അവിടേക്ക് എത്താൻ പരിശ്രമിക്കുന്നതിലും മനുഷ്യൻ അലസത കാണിക്കാൻ പാടില്ല. കാരണം അവൻ ആ സദസ്സിൽ നിന്ന് നേടിയെടുക്കുന്ന ഏതെങ്കിലും ഒരറിവായിരിക്കും സ്വർഗ പ്രവേശനത്തിന് നിമിത്തമാകുന്നത്(അൽ മുൻതഖാമിൻ ഫതാവാ ശൈഖ് സ്വാലിഹ് അൽ ഫൗസാൻ)

- അതു കൊണ്ട് തന്നെയാണ് നബി (സ്വ) ഇപ്രകാരം പഠിപ്പിച്ചത്.

عَنْ أَنَسِ بْنِ مَالِكٍ قَالَ، قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم : طَلَبُ الْعِلْمِ فَرِيضَةٌ عَلَى كُلِّ مُسْلِمٍ

അനസ് ഇബ്നു മാലികിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: വിജ്ഞാന സമ്പാദനം ഓരോ മുസ്ലിമിന്റെയും നിർബന്ധ ബാധ്യതയാണ്. (സ്വഹീഹുൽ ജാമിഅ്:)

- മതപഠനത്തിന്റെ പ്രധാന്യം ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നുണ്ട്.
- ഇമാം ബുഖാരി 'ഉപദേശത്തിനും കർമ്മത്തിനും മുമ്പായി അറിവ് നേടൽ' എന്നൊരു തലക്കെട്ട് തന്നെ തന്റെ സ്വഹീഹിൽ ഒരു അധ്യായത്തിന് നൽകിയിട്ടുണ്ട്.
- ഇമാം മാലിക്(റഹി) പറഞ്ഞു: ചിലർ മതവിജ്ഞാനം അന്വേഷിക്കുന്നത് ഉപേക്ഷിച്ചുകൊണ്ട് ഇബാദത്തുകൾ ചെയ്യാൻ ശ്രമിച്ചു. പിൽക്കാലത്ത് മുഹമ്മദ് നബി ﷺ യുടെ ഉമ്മത്തിനെതിരെ വാളുമായി അവർ ഇറങ്ങിത്തിരിച്ചു. അവർ അറിവ് നേടിയിരുന്നുവെങ്കിൽ അതിൽ നിന്ന് വിജ്ഞാനം അവരെ തടയുമായിരുന്നു. (മിഫ്താഹു ദാരിസ്സആദ)
- ശരിയായ രീതിയിൽ നമ്മളും നമ്മുടെ മക്കളുമെല്ലാം മതപരമായ അറിവ് നേടിയെടുക്കണം. അതിലൂടെ മാത്രമേ പരലോകത്ത് വിജയിക്കാൻ സാധിക്കൂ.

قيل الإمام مالك رحمه الله :ما أفضل ما يصنع العبد؟ قال: طلب العلم.

ഇമാം മാലിക് (റഹി) ചോദിക്കപ്പെട്ടു: ഒരു അടിമ ചെയ്യുന്നതിൽ ഏറ്റവും ശ്രേഷ്ഠമായതെന്താണ്. അദ്ദേഹം പറഞ്ഞു: 'ഇൽമ് തേടുക'.

❖ **മത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം.**

إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ ۗ إِنَّ اللَّهَ عَزِيزٌ غَفُورٌ ﴿فاطر: ٢٨﴾

يَرْفَعِ اللَّهُ الَّذِينَ آمَنُوا مِنكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ ۚ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿المجادلة: ١١﴾

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: مَنْ سَلَكَ طَرِيقًا يَلْتَمِسُ فِيهِ عِلْمًا سَهَّلَ اللَّهُ لَهُ طَرِيقًا إِلَى الْجَنَّةِ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും വിജ്ഞാനം അന്വേഷിച്ച് ഒരു മാർഗത്തിൽ പ്രവേശിച്ചാൽ സ്വർഗത്തിലേക്കുള്ള വഴി അല്ലാഹു അവന് എളുപ്പമാക്കിക്കൊടുക്കും. (തിർമിദി)

ഇമാം ശാഫിഈ (റഹി) പറഞ്ഞതു നോക്കൂ.

قال الشافعي رحمه الله :من لا يحب العلم لا خير فيه

ഇമാം ശാഫിഈ (റഹി) പറഞ്ഞു :ആര് മത വിജ്ഞാനത്തെ ഇഷ്ടപ്പെടുന്നില്ലയോ അവനിൽ ഒരു നന്മയുമില്ല. [تاريخ دمشق]

**അറിവ് തേടുന്നവർക്കായി മലക്കുകൾ ചിറക് താഴ്ത്തും**

عَنْ زِرِّ بْنِ حُبَيْشٍ، قَالَ أَتَيْتُ صَفْوَانَ بْنَ عَسَّالٍ الْمُرَادِيَّ فَقَالَ مَا جَاءَ بِكَ قُلْتُ أُنْبِطُ الْعِلْمَ . قَالَ فَإِنِّي سَمِعْتُ رَسُولَ اللَّهِ ـ صلى الله عليه وسلم يَقُولُ مَا مِنْ خَارِجٍ خَرَجَ مِنْ بَيْتِهِ فِي طَلَبِ الْعِلْمِ إِلاَّ وَضَعَتْ لَهُ الْمَلاَئِكَةُ أَجْنِحَتَهَا رِضًا بِمَا يَصْنَعُ .

സിർറ് ഇബ്നു ഹുബയ്ശിൽ നിന്ന് നിവേദനം. ഞാൻ സ്വഫ്‌വാൻ ഇബ്നു അസ്സാൽ അൽമുറാദിയുടെ അടുത്തേക്ക് ചെന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു: 'താങ്കൾ എന്ത് ആവശ്യത്തിനാണ് വന്നത്?' ഞാൻ പറഞ്ഞു: 'വിജ്ഞാനം അന്വേഷിച്ച് വന്നതാണ്.' അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ റസൂൽ ﷺ ഇപ്രകാരം പറയുന്നതായി കേട്ടിട്ടുണ്ട്: വിജ്ഞാനം അന്വേഷിച്ച് വീട്ടിൽ നിന്ന് ഒരാൾ പുറപ്പെട്ടാൽ അവന്റെ ആ പ്രവൃത്തിയിൽ തൃപ്തരായിക്കൊണ്ട് മലക്കുകൾ അവ്ന വേണ്ടി ചിറക് താഴ്ത്തും. (ഇബ്നു മാജ)

**നന്മ പഠിപ്പിക്കുന്നവർക്കുവേണ്ടി എല്ലാ വസ്തുക്കളും പാപമോചനം തേടും,**

عن جابِرٍ رضي الله عنه أن رسول الله ﷺ قال: مُعلِّم الخيرِ يستغفرُ له كُلّ شيئٍ حتى الحِيتان في البحرِ

ജാബിറിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: നന്മ പഠിപ്പിക്കുന്നവർക്കുവേണ്ടി എല്ലാ വസ്തുക്കളും പാപമോചനം തേടും, കടലിലെ മൽസ്യങ്ങൾ വരെ (ത്വബറാനി – സിൽസിലത്തു സ്വഹീഹ)

- മതപരമായ അറിവുകൾ നേടുന്നതിൽ നിന്ന് പലരും പിറകോട്ട് പോയിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്.
- മദ്രസകളിൽ മക്കളെ ചേർക്കാൻ പോലും പലരും തയ്യാറാകുന്നില്ല. കാരണം പറയുന്നത് ഭൌതീക വിദ്യാഭ്യാസത്തിന് തടസ്സമാണ് എന്നതാണ്.

❖ **മക്കൾ വഴി തെറ്റുന്ന കാലം...**

- മത നിരാസം പഠിപ്പിക്കാനും അതിനു ആളെ കൂട്ടാനും ബോധപൂർവ്വ ശ്രമങ്ങൾ ഇന്നു നടന്നു വരുന്നു.
- മതനിരാസത്തിലേക്ക് പലരും അറിയാതെ കടന്നു പോകുന്നു.

- ഇസ്ലാമിന്റെ അടിസ്ഥാന ആദർശമായ തൌഹദീനെ വികലമാക്കിക്കൊണ്ടിരിക്കുന്ന പുരോഹിതന്മാർ ഒരു ഭാഗത്ത്.
- മദ്യവും മയക്കുമരുന്നും അവിഹിത ബന്ധങ്ങൾ അടക്കം ധാർമികതക്ക് നിരക്കാത്ത പ്രവർത്തനങ്ങൾ മറ്റൊരു ഭാഗത്ത്.
- ഇവിടെ തന്റെയും കുടുംബത്തിന്റെയും ധാർമിക സംരക്ഷണം ഉറപ്പ് വരുത്താൻ അല്ലാഹു കൽപ്പിക്കുന്നത് നോക്കുക.

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿التحريم: ٦﴾

- ഈ ആയത്തിന് വിശദീകരിച്ചു കൊണ്ട് മുഫസ്സിറുകൾ പറഞ്ഞത് നാം ഗൌരവ്വമായി കാണണം.

**അലി (റ) പറഞ്ഞു;**

عَنْ عَلِيٍّ، رَضِيَ اللَّهُ عَنْهُ، فِي قَوْلِهِ تَعَالَى :﴿قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا﴾ يَقُولُ: أَدِّبُوهُمْ، عَلموهم.
അലി (റ) പറഞ്ഞു; ഈ ആയത്തു കൊണ്ട് അർത്ഥമാക്കുന്നത് അവർക്ക് (കുടുംബത്തിന്) അറിവും സംസ്കാരവും നൽകുക എന്നാണ്.

**മുജാഹിദ് (റഹി) പറഞ്ഞു;**

وَقَالَ مُجَاهِدٌ :﴿قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا﴾ قَالَ: اتَّقُوا اللَّهَ، وَأَوْصُوا أَهْلِيكُمْ بِتَقْوَى اللَّهِ
നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക, കുടുംബത്തെ തഖ് വ കൊണ്ട് ഉപദേശിക്കുകയും ചെയ്യുക.

**ഖതാദ (റഹി) പറഞ്ഞത്;**

وَقَالَ قَتَادَةُ: يَأْمُرُهُمْ بِطَاعَةِ اللَّهِ، وَيَنْهَاهُمْ عَنْ مَعْصِيَةِ اللَّهِ، وَأَنْ يقومَ عَلَيْهِمْ بِأَمْرِ اللَّهِ، وَيَأْمُرَهُمْ بِهِ وَيُسَاعِدَهُمْ عَلَيْهِ،

അവരെ (കുടുംബത്തോട്) അല്ലാഹുവിനെ അനുസരിക്കാൻ കൽപ്പിക്കുക, പാപങ്ങളിൽ നിന്നും അവരെ വിലക്കുക, അല്ലാഹുവിന്റെ കൽപ്പനകളിൽ ഉറച്ചു നിൽക്കാൻ അവരെ പഠിപ്പിക്കുക. അതിന് അവരെ സഹായിക്കുകയും ചെയ്യുക.

**ദ്വഹാഖ് (റഹി) പറഞ്ഞു;**

قَالَ الضَّحَّاكُ وَمُقَاتِلٌ: حَقٌّ عَلَى الْمُسْلِمِ أَنْ يُعَلِّمَ أَهْلَهُ،

ഓരോ മുസ്ലിമിനും അവന്റെ കുടുംബത്തിന് അറിവ് പകർന്നു കൊടുക്കുക എന്നത് നിർബന്ധമായ ബാധ്യതയാണ്.

**ഈ ആയത്തിനോട് നീതി പുലർത്താൻ രക്ഷിതാക്കൾ എന്ന നിലയിൽ നമുക്ക് കഴിഞ്ഞിട്ടുണ്ടോ?**

❖ **മക്കളെ മതം പഠിക്കുന്നതിലൂടെ ലഭിക്കുന്നത്...**

- നമ്മുടെ മക്കൾക്ക് മതപരമായ അറിവു പകർന്നു കൊടുക്കുന്നതിലൂടെ വലിയ പ്രതിഫലം നേടിയെടുക്കാൻ നമുക്ക് സാധിക്കും.

قال الإمام ابن الجوزي رحمه الله : من أحبه ألا ينقطع عمله بعد موته فلينشر العلم

ഇമാം ഇബ്ൻ അൽ ജൗസി (റഹി) പറഞ്ഞു :മരണശേഷവും തന്റെ അമലുകൾ നിലക്കരുതെന്ന് ആഗ്രഹിക്കുന്നവൻ അറിവ് പ്രചരിപ്പിച്ചുകൊള്ളട്ടെ. (അത്തദ്കിറ)

قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَنْ دَلَّ عَلَى خَيْرٍ فَلَهُ مِثْلُ أَجْرِ فَاعِلِهِ

നബി ﷺ പറഞ്ഞു:ആരെങ്കിലും ഒരാൾക്ക് ഒരു നന്മ കാണിച്ചുകൊടുത്താൽ അത് പ്രവർത്തിച്ചവന് ലഭിക്കുന്ന പ്രതിഫലത്തിന് സമാനമായ പ്രതിഫലം അവനും (കാണിച്ച് കൊടുത്തവനും) ലഭിക്കുന്നു.( മുസ്‌ലിം)

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ: مَنْ دَعَا إِلَى هُدًى كَانَ لَهُ مِنَ الأَجْرِ مِثْلُ أُجُورِ مَنْ تَبِعَهُ لاَ يَنْقُصُ ذَلِكَ مِنْ أُجُورِهِمْ شَيْئًا

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:ആരെങ്കിലും ഒരാളെ ഒരു സൽപ്രവർത്തിയിലേക്ക് ക്ഷണിച്ചാൽ, ആ ക്ഷണം സ്വീകരിക്കുന്നവരുടെ പ്രതിഫലത്തിന് തുല്യമായ പ്രതിഫലം ക്ഷണിക്കുന്നവനും ലഭിക്കും. അതുമൂലം അവരിൽ ഏതെങ്കിലും ഒരാളുടെ പ്രതിഫലത്തിന് യാതൊരു കുറവും സംഭവിക്കില്ല. (അബൂദാവൂദ്)

❖ **മദ്രസ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.**

- നമ്മുടെ മഹല്ലിലെ മദ്രസകൾ ശക്തിപ്പെടുത്താൻ ഓരോ വ്യക്തിയും വേണ്ട നടപടികൾ സ്വീകരിക്കുക.
- മികവുള്ള അദ്ധ്യാപകർ, അടിസ്ഥാന സൌകര്യങ്ങൾ, സിലബസ്സ് ഇതല്ലാം മികവുറ്റതാണ് എന്ന് ഉറപ്പു വരുത്തുക.
- അദ്ധ്യാപകർക്ക് മാന്യമായ വേതനം നൽകുക.

- മഹല്ലിൽ സർവ്വേ നടത്തി എല്ലാ കുട്ടികളും മത വിദ്യാഭ്യാസം കരസ്ഥമാക്കുന്നുണ്ട് എന്ന ഉറപ്പ് വരുത്തുക.
- ഭൗതീക വിദ്യാഭ്യാസം കാരണം കൃത്യമായി മദ്രസകളിൽ എത്താൻ പറ്റാത്തവരും നേരത്തെ പോകുന്നവരുമായ വിദ്യാർത്ഥികൾക്ക് മറ്റു സമയങ്ങളിൽ മദ്രസാ പഠനം ലഭിക്കുന്ന സാഹചര്യം ഒരുക്കുക.

❖ **പ്രാർത്ഥന...**

- അറിവുള്ളവരും അറിവില്ലാത്തവരും ഒരു പോലെയല്ല.
- അതു കൊണ്ട് തന്നെ അറിവുള്ളവരാകാൻ അല്ലാഹവിനോട് നിരന്തരം ദുആ ചെയ്യുകയും അറിവു നേടാൻ വേണ്ടി പരിശ്രമിക്കുകയും ചെയ്യുക.

اَللهُمَّ إِنِّي أَسْأَلُكَ عِلْماً نَافِعاً ، وَرِزْقاً طَيِّباً ، وَعَمَلاً مُتَقَبَّلاً

അല്ലാഹുവേ, ഉപകാരപ്രദമായ വിജ്ഞാനവും, വിശുദ്ധിയുള്ള ഉപജീവനവും, (നീ) സ്വീകരിക്കുന്ന അനുഷ്ഠാനങ്ങളും നിന്നോട് ഞാൻ ചോദിക്കുന്നു. (ബുഖാരി – അബൂദാവൂദ്)

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+൯൬൬൫൦൩൭൧൭൩൮൦) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.